**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2458** **07-07-2022 - ൽ മറുപടിയ്ക്ക്**

**കെൽപാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതുമേഖലാ സ്ഥാപനമായ കെൽപാം-ൽ 2021 മാർച്ച് മുതൽ 2021 ഡിസംബർ വരെയുള്ള വിറ്റുവരവ് എത്രയാണെന്നും 2022 ജനുവരി മുതൽ നാളിതുവരെയുള്ള വിറ്റുവരവ് എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | 2021 മാർച്ച് മുതൽ 2021 ഡിസംബർ വരെ കെൽപാമിന്റെ വിറ്റുവരവ് 15,41,097/- രൂപയും 2022 ജനുവരി മുതൽ നാളിതുവരെയുള്ള വിറ്റുവരവ് 5,80,583/- രൂപയുമാണ്. |
| (ബി) | കെൽപാം ഏതെങ്കിലും കാലഘട്ടത്തിൽ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സാധിച്ചിട്ടുണ്ട്. പ്ലാനിംങ്ങ് (ബി.പി.ഇ) യുടെ റിപ്പോർട്ട് പ്രകാരം 12-13, 15-16, 18-19, 20-21 എന്നീ കാലഘട്ടങ്ങളിൽ പ്രവർത്തന ലാഭത്തിലായിരുന്നു. |
| (സി) | 2022 ജനുവരി മാസത്തിൽ അവിടെ എത്ര പേർ ജോലി ചെയ്തിരുന്നുവെന്നും നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ; കെൽപാം-ൽ ശമ്പളം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശമ്പളം നൽകുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) | 2022 ജനുവരി മാസത്തിൽ 2 സ്ഥിര ജീവനക്കാരും 22 ദിവസ വേതനക്കാരും ജോലി ചെയ്തിരുന്നു. നിലവിൽ 3 സ്ഥിര ജീവനക്കാരും 8 ദിവസ വേതനക്കാരും ജോലി ചെയ്യുന്നുണ്ട്. കെൽപാം-ൽ ശമ്പളം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 05.07.2022 ലെ സ.ഉ (സാധാ)നം.634/2022/വ്യവ നമ്പർ പ്രകാരം വർക്കിംഗ് ക്യാപ്പിറ്റൽ ലോണായി 22,17,060/-രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | 2022 ജനുവരി മുതൽ നാളിതുവരെയുള്ള കാലയളവിൽ അവിടെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | സോഫ്റ്റ് ഡ്രിങ്ക് ഉൽപാദനം, കേടായ മെഷനറികളുടെ റിപ്പയറിങ്, കരുപ്പട്ടി നിർമ്മാണ ത്തിനാവശ്യമായ അസംസ്കൃത വസ്തുകളുടെ ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ, കരുപ്പട്ടി നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കരുപ്പട്ടി ടെസ്റ്റ് മാർക്കറ്റിങിന് ആവശ്യമായ പ്രവർത്തനങ്ങൾ, ഫാക്ടറിയിലേക്ക തടസമില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നിവയാണ്. |
| (ഇ) | 2022-23 സാമ്പത്തികവർഷത്തിൽ എന്തെല്ലാം പദ്ധതികൾ കെൽപാം സർക്കാരിന് | (ഇ) | 2019-20 ൽ കരിപ്പെട്ടി നിർമ്മാണ യൂണിറ്റിന് ലഭിച്ച ഭരണാനുമതി പുനർനിർണ്ണയം ചെയ്ത് പുതിയ |

| | | | |
|---|---|---|---|
| | സമർപ്പിച്ചിട്ടുണ്ടെന്നും അവയിൽ ഏതിനൊക്കെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | | ഭരണാനുമതി 2022-2023 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. |
| (എഫ്) | 2022 ജനുവരി മുതൽ നാളിതുവരെ കെൽപാം-ൽ എത്ര തസ്തികകളിൽ പുതിയതായി നിയമനം നടത്തിയെന്നും ഏതൊക്കെ തസ്തികകളിലേക്ക് ഇന്റർവ്യൂ നടത്തിയതെന്നും അറിയിക്കാമോ; | (എഫ്) | ഒരു തസ്തിക. സെക്രട്ടേറിയൽ അസിസ്റ്റന്റ്. |
| (ജി) | കെൽപാം-ലെ നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങൾ വ്യക്തമാക്കുമോ? | (ജി) | നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി പുറത്തിറക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു. എസ്.സി/എസ്.റ്റി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ ആരംഭിക്കുന്ന റൈസ്മില്ലിന്റെ പ്രവർത്തനം 6 മാസത്തിനുള്ളിൽ തുടങ്ങാനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചു. പുതിയ ഉൽപ്പന്നങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ലഭ്യമാക്കാനുള്ള നടപടി ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ